## തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

### സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഗസ്റ്റ്ഹൗസുകളിൽ ദേവസ്വം മുൻ കമ്മീഷണർമാർക്ക് പ്രത്യേക പരിഗണന നൽകുന്ന സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

നടപടി ഉത്തരവ് നമ്പർ ആർഒസി 04/2024/ശബ തിരുവനന്തപുരം, തീയതി 22.03.2025

---

*പരാമർശം:-* 1. ഈ ഓഫീസിലെ 25.01.2025ലെ മേൽ നമ്പർ ബോർഡുത്തരവ്

2. ദേവസ്വം കമ്മീഷണറുടെ 01.03.2025-ലെ ആർ.ഒ.സി. 04/24/ശബ നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസുകളിൽ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റുമാർ, മെമ്പർമാർ എന്നിവർ അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് ശബരിമല സന്നിധാനത്ത് താമസ സൗകര്യവും, ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള മററ് ഗസ്റ്റ്ഹൗസുകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള വാടക ക്രമം അനുവദിക്കുന്നതിനും പ്രത്യേക പരിഗണ നൽകുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഈ പരിഗണന ദേവസ്വം മുൻ കമ്മീഷണർമാർക്കും നൽകണമെന്നാണ് ദേവസ്വം കമ്മീഷണറുടെ പരാമർശം (2) പ്രകാരം ശുപാർശ ലഭിച്ചിരുന്നു.

മേൽ വിഷയം ബോർഡ് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

### ഉത്തരവ്

മുൻ പ്രസിഡന്റുമാർ, മെമ്പർമാർ എന്നിവർക്ക് പരാമർശം (1) പ്രകാരം നൽകിയ ആനുകൂല്യങ്ങൾ ദേവസ്വം മുൻ കമ്മീഷണർമാർക്കും അനുവദിക്കുന്നതിന് തീരുമാനിക്കുന്നു.

മേൽപ്രകാരമുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിനായി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,**

(ഒപ്പ്)

**സെക്രട്ടറി**

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) ചീഫ് എഞ്ചിനീയർ (ജനറൽ)
3) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
4) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം, പത്തനംതിട്ട, ഹരിപ്പാട്, വൈക്കം
5) പേർസണൽ സെക്രട്ടറി to പ്രസിഡന്റ്
6) ഐ.ടി വിഭാഗം (പ്രസിദ്ധീകരണത്തിന്)
7) സെക്ഷൻ ഫയൽ
8) ഫെയർ ഓഫീസ് കോപ്പി

**അംഗീകാരത്തോടെ**

**അസിസ്റ്റന്റ് സെക്രട്ടറി**
**ശബരിമല സെൽ**